"ഭരണഭാഷ - മാതൃഭാഷ"

നമ്പർ: സി3-20277/17

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 10.05.2017.
Email : swdkerala@gmail.com
Phone: 0471 - 2306040.

## ടെണ്ടർ നോട്ടീസ്

സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 'നിർഭയ' സെല്ലിന്റെ ഔദ്യോഗികാവശ്യങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ കരാറടിസ്ഥാനത്തിൽ ഒരു AC കാർ വാടകയ്ക്ക് നൽകുവാൻ തയ്യാറുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും മുദ്രവച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു.

| | | |
|---|---|---|
| അടങ്കൽ തുക | : | 2,45,000/- രൂപ |
| ടെണ്ടർ ഫോറത്തിന്റെ വില | : | Rs. 500+VAT |
| ടെണ്ടർ ഫോറങ്ങളുടെ വിൽപ്പന | : | 25.06.2017 ഉച്ചയ്ക്ക് 1 മണി വരെ |
| ടെണ്ടർ ഫോറം സ്വീകരിക്കുന്ന സമയം | : | 25.06.2017 ഉച്ചയ്ക്ക് 3 മണി വരെ |
| ടെണ്ടർ തുറക്കുന്ന സമയം | : | 25.06.2017 വൈകുന്നേരം 4 മണിക്ക് |

ടെണ്ടർ ഫോമുകൾ വികാസ് ഭവനിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നും നിശ്ചിത വില നൽകി പ്രവർത്തി ദിവസങ്ങളിൽ വാങ്ങാവുന്നതാണ്.

**നിബന്ധനകൾ:**

1. വാഹനത്തിന് പ്രതിമാസ വാടക 2000 കി.മീറ്റർ വരെ 24,500/- രൂപയും, അധികരിച്ചു വരുന്ന ഓരോ കി.മീറ്ററിനും 9/- രൂപ നിരക്കിലുമാണ് നിജപ്പെടുത്തിയിരിക്കുന്നത്.
2. അടങ്കൽ തുകയുടെ 2.5% EMD ആയി ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതാണ്.
3. വാഹനത്തിന് 7 വർഷത്തിലധികം കാലപ്പഴക്കം ഉണ്ടാകരുത്.
4. വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ, ഇന്ധനച്ചെലവ്, ഡ്രൈവറുടെ ശമ്പളം, ടാക്സ്, ഇൻഷുറൻസ് എന്നിവ ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. വകുപ്പിൽ നിന്നും കരാർ പ്രകാരമുള്ള വാടക മാത്രം നൽകുന്നതാണ്.
5. ടെണ്ടറിനൊപ്പം വാഹനത്തിന്റെ RC ബുക്ക്, ടാക്സി പെർമിറ്റ്, ഇൻഷുറൻസ് എന്നിവയുടെ പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.

AN

ലഭിക്കുന്ന ടെണ്ടറുകൾ 2016 ജൂൺ മാസം 25-ാം തീയതി വൈകുന്നേരം 4 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കേണ്ടതാണ്. കരാർ അംഗീകരിച്ചു ലഭിക്കുന്ന കരാറുകാരൻ 200/- രൂപയുടെ മുദ്രപ്പത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതും, അടങ്കൽ തുകയുടെ 5% തുകയ്ക്കുള്ള DD സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതുമാണ്. സ്വീകരിച്ച ടെണ്ടറുകൾ കാരണം പറയാതെ നിരാകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം സാമൂഹ്യനീതി ഡയറക്ടറിൽ നിക്ഷിപ്തമാണ്.

ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ വികാസ് ഭവനിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നും പ്രവർത്തി ദിവസങ്ങളിൽ ലഭ്യമാണ്.

**സാമൂഹ്യ നീതി ഡയറക്ടർ**